പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2064 **26-10-2026-ൽ മറുപടിയ്ക്ക്**

സ്റ്റാറ്റ്യൂട്ടറി റേഷനിംഗ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് പ്രത്യേകമായി അനുവദിച്ച് കിട്ടിയ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് (ആളോഹരി റേഷൻ) എന്നതിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; ഇത് പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ ഇടപെടൽ ഉണ്ടാകുമോ?

മറുപടി: ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 (NFSA-2013) സംസ്ഥാനത്ത് 2016 നവംബർ മാസം മുതൽ നടപ്പിലാക്കിയതോടെ കേരളത്തിൽ മുൻപ് നിലവിലുണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം അവസാനിക്കുകയും പകരം ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം (Targeted Public Distribution System) നിലവിൽ വരികയും ചെയ്തു.

ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണനാ വിഭാഗങ്ങൾക്ക് (AAY, PHH റേഷൻ കാർഡുകൾക്ക്) സൗജന്യമായി ഭക്ഷ്യധാന്യ വിഹിതം അനുവദിച്ചുവരുന്നു. കൂടാതെ, മുൻഗണനേതര വിഭാഗങ്ങൾക്ക് (NPNS, NPS, NPI റേഷൻ കാർഡുകൾക്ക്) കേന്ദ്ര വിഹിതത്തിൽ നിന്നുള്ള ടൈഡ് ഓവർ വിഹിതം ഉപയോഗിച്ചാണ് സംസ്ഥാന സർക്കാർ റേഷൻ വിഹിതം ലഭ്യമാക്കുന്നത്.

സെക്ഷൻ ഓഫീസർ